File No.FWLD-D2/6/2019-FWLD

3325
25/2/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കണ്ണൂർ ജില്ലയിലെ മുഴക്കുന്ന്, വട്ടപ്പൊയിൽ, ഉപാസനയിൽ സ്ഥിരതാമസക്കാരനായ ശ്രീ.വിനോദ് എം.-ന് കാട്ടാനയുടെ ആക്രമണമൂലം പരിക്കേറ്റതിനാൽ ചികിത്സായിനത്തിൽ ചെലവായ 6,67,723/- രൂപ (ആറ് ലക്ഷത്തി അറുപത്തിയേഴായിരത്തി എഴുന്നൂറ്റി ഇരുപത്തിമൂന്ന് രൂപ) നഷ്ടപരിഹാരമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.47/2021/വനം    തീയതി,തിരുവനന്തപുരം, 15/02/2021

പരാമർശം:-
1) 05.04.2018-ലെ സ.ഉ.(കൈ) നം.17/2018/വനം
2) ശ്രീ.വിനോദ് എം., 17/09/2018-ൽ. സമർപ്പിച്ച അപേക്ഷ
3) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ, 08.01.2019-ലെയും 18.11.2019-ലെയും KFDHQ/26861/18-CWW/WL11 നമ്പർ, കത്തുകൾ.

ഉത്തരവ്

കണ്ണൂർ ജില്ലയിലെ, മുഴക്കുന്ന്, വട്ടപ്പൊയിൽ, 'ഉപാസന'-യിൽ സ്ഥിരതാമസക്കാരനായ ശ്രീ.വിനോദ് എം.-ന് കാട്ടാനയുടെ ആക്രമണംമൂലം പരിക്കേറ്റതിനാൽ, ചികിത്സായിനത്തിൽ ചെലവായ തുക ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട്, ടിയാൻ, പരാമർശം (2) പ്രകാരം, അപേക്ഷ സമർപ്പിച്ചിരുന്നു.

2) ഇത് സംബന്ധിച്ച് ചീഫ് വൈൽഡ് ലൈഫ് വാർഡൻ, 08.01.2019-ൽ, സമർപ്പിച്ചിരുന്ന, പരാമർശം (2)-ലെ, റിപ്പോർട്ടിൽ ടിയാന്, പരാമർശം (1)-ലെ, സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് നഷ്ടപരിഹാരമായി അനുവദിക്കാവുന്ന പരമാവധി തുകയായ 1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം). വനം വകുപ്പിൽ നിന്ന് അനുവദിച്ചിട്ടുണ്ടായിരുന്നുവെന്ന് അറിയിച്ചിരുന്നു. എന്നാൽ കാട്ടാനയുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ ടിയാന് തുടർ ചികിത്സ വേണ്ടി വന്നതിനാൽ, അപ്രകാരം ചികിത്സായിനത്തിൽ ചെലവായ അധിക തുകയായ 6,67,723/- രൂപ (ആറ് ലക്ഷത്തി അറുപത്തിയേഴായിരത്തി എഴുന്നൂറ്റി ഇരുപത്തിമൂന്ന് രൂപ മാത്രം). ഒരു പ്രത്യേക കേസായി പരിഗണിച്ച്, '2406-01-800-56-MRMAC' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകണമെന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, 18.11.2019-ൽ, പരാമർശം (3)-ലെ കത്ത് പ്രകാരം, ശിപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. വിനോദ് എം.-ന് കാട്ടാനയുടെ ആക്രമണത്തിൽ പരിക്കേറ്റതിനെത്തുടർന്ന് തുടർചികിത്സയ്ക്കായി ചെലവായ അധിക തുകയായ 6,67,723/- രൂപ (ആറ് ലക്ഷത്തി അറുപത്തിയേഴായിരത്തി എഴുന്നൂറ്റി ഇരുപത്തിമൂന്ന് രൂപ മാത്രം) , ടിയാന്റേത് ഒരു പ്രത്യേക കേസായി പരിഗണിച്ച്, വനം വകുപ്പ് കൈകാര്യം ചെയ്യുന്ന "2406-01-800-56-MRMAC" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം), & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം

ശ്രീ. വിനോദ് എം., ഉപാസന, വട്ടപ്പൊയിൽ, മുഴക്കുന്ന്, കണ്ണൂർ ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടൻ്റ ജനറൽ (എ & ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ

പൊതുഭരണ (എസ്.സി.) വകുപ്പ് (10/02/2021-ലെ മന്ത്രിസഭായോഗതീരുമാനത്തിൻറെ ഇനം നം.4611- പ്രകാരം)

I&PRD (Web & New Media)

കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by ASHARAF A
Date 2021.02.16 10:52:21 IST
Reason: Approved

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 10-02-2021

ഫയൽ നം.ഡി2/6/2019/വനം ഇനം നം: 4611

വിഷയം : വനം വന്യജീവി വകുപ്പ് - കണ്ണൂർ ജില്ലയിലെ മുഴക്കുന്ന്, വട്ടപ്പൊയിൽ, ഉപാസനയിൽ സ്ഥിരതാമസക്കാരനായ ശ്രീ.വിനോദ് എം.-ന് കാട്ടാനയുടെ ആക്രമണത്തിൽ പരിക്കേറ്റതിനെത്തുടർന്ന് ചികിത്സയ്ക്ക് ചെലവായ അധിക തുകയായ 6,67,723/- രൂപ (ആറ് ലക്ഷത്തി അറുപത്തിയേഴായിരത്തി എഴുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം), ഒരു പ്രത്യേക കേസായി പരിഗണിച്ച്, വനം വകുപ്പ് കൈകാര്യം ചെയ്യുന്ന "2406-01-800-56-MRMAC" എന്ന ശീർഷകത്തിൽ നിന്നും നഷ്ടപരിഹാരമായി അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം 1) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്

4611

| കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽനമ്പർ | ഡി2/6/2019/വനം |
| 2. | വകുപ്പ് | വനം വന്യജീവി (ഡി) വകുപ്പ് |
| 3. | വിഷയം | കണ്ണൂർ ജില്ലയിലെ മുഴക്കുന്ന്, വട്ടപ്പൊയിൽ, ഉപാസനയിൽ സ്ഥിരതാമസക്കാരനായ ശ്രീ.വിനോദ് എം.ന് കാട്ടാനയുടെ ആക്രമണത്തിൽ പരിക്കേറ്റതിനെത്തുടർന്ന് ചികിത്സയ്ക്ക് ചെലവായ അധിക തുകയായ 6,67,723/- രൂപ (ആറ് ലക്ഷത്തി അറുപത്തിയേഴായിരത്തി എഴുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം), ഒരു പ്രത്യേക കേസായി പരിഗണിച്ച്, വനം വകുപ്പ് കൈകാര്യം ചെയ്യുന്ന "2406-01-800-56-MRMAC" എന്ന ശീർഷകത്തിൽ നിന്നും നഷ്ടപരിഹാരമായി അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 14/09/2020 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. ബിനോദ് കെ. |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. രാജേഷ് കുമാർ സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 05/02/2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 08/02/2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | അഡ്വ. കെ. രാജു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 09 /02/2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 09/02/2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന്, വട്ടപ്പൊയിൽ, ഉപാസനയിൽ സ്ഥിരതാമസക്കാരനായ ശ്രീ.വിനോദ് എം.-ന് കാട്ടാനയുടെ ആക്രമണത്തിൽ പരിക്കേറ്റതിനെത്തുടർന്ന് ചികിത്സയ്ക്ക് ചെലവായ അധിക തുകയായ 6,67,723/- രൂപ (ആറ് ലക്ഷത്തി അറുപത്തിയേഴായിരത്തി എഴുനൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം), ഒരു പ്രത്യേക കേസായി പരിഗണിച്ച്, വനം വകുപ്പ് കൈകാര്യം ചെയ്യുന്ന "2406-01-800-56-MRMAC" എന്ന ശീർഷകത്തിൽ നിന്നും നഷ്ടപരിഹാരമായി അനുവദിച്ച് നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കണ്ണൂർ ജില്ലയിലെ മുഴക്കുന്ന്, വട്ടപ്പൊയിൽ, ഉപാസനയിൽ സ്ഥിരതാമസക്കാരനായ ശ്രീ.വിനോദ് എം.-ന് കാട്ടാനയുടെ ആക്രമണമൂലം പരിക്കേറ്റതിനാൽ ചികിത്സായിനത്തിൽ ചെലവായ തുക ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ റിപ്പോർട്ടിൽ, ടിയാന് നിലവിലുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം (05/04/2018-ലെ സ.ഉ.(കൈ) നം.17/2018/വനം) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് നഷ്ടപരിഹാരമായി നൽകാവുന്ന പരമാവധി തുകയായ 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) വനം വകുപ്പിൽ നിന്നും നൽകിയിട്ടുണ്ടെന്നും എന്നാൽ ടി അപേക്ഷകന് അധികമായി ചെലവായ തുകയായ 6,67,723/- രൂപ (ആറ് ലക്ഷത്തി അറുപത്തിയേഴായിരത്തി എഴുനൂറ്റി ഇരുപത്തിമൂന്ന് രൂപ) നൽകുന്നത് ഒരു പ്രത്യേക കേസായി പരിഗണിച്ച്, നഷ്ടപരിഹാരമായി നൽകാവുന്നതാണെന്നും ശിപാർശ ചെയ്തിരുന്നു.

3) ടി വിഷയം പ്രത്യേക കേസായി പരിഗണിക്കുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ "പരിഗണിക്കുന്ന കാര്യം അംഗീകരിച്ചു. ഏത് ഫണ്ടിൽ നിന്നും ചെലവ് വഹിക്കാമെന്ന് വകുപ്പ് തീരുമാനിക്കുക" എന്ന് ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു.

4) ടി വിഷയത്തിൽ പി.സി.സി.എഫ് (വൈൽഡ് ലൈഫ്) & വൈൽഡ് ലൈഫ് വാർഡന്റെ റിപ്പോർട്ട് ആരാഞ്ഞപ്പോൾ, കാട്ടാനയുടെ ആക്രമണത്തിൽ ഗുരുതരപരിക്കേറ്റ അപേക്ഷകന്റെ തുടർചികിത്സയ്ക്ക് ഭീമമായ തുക ചെലവായതിനാൽ ഇത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ചെലവായ തുക "2406-01-800-56-MRMAC" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കാവുന്നതാണെന്ന് അറിയിക്കുകയുണ്ടായി.

5) സർക്കാരിന് സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതും നിയമം ഇളവ് ചെയ്യുന്നതുമായ വിഷയമായതിനാൽ ഇക്കാര്യത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം താഴെപ്പറയും പ്രകാരമായിരുന്നു :-

"കണ്ണൂർ ജില്ലയിലെ മുഴക്കുന്നിൽ സ്ഥിരതാമസക്കാരനായ ശ്രീ വിനോദിന് കാട്ടാനയുടെ ആക്രമണം മൂലം പരിക്കേറ്റതിനാൽ ചികിത്സായിനത്തിൽ ചെലവായ 6,67,723/- രൂപ ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കണ്ടെത്തുന്നതാണ് അഭികാമ്യമെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു.ധനകാര്യമന്ത്രിയുടെ അംഗീകാരമുണ്ട്".

6) ധനകാര്യ വകുപ്പിന്റെ ടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ ചംക്രമണം ചെയ്തപ്പോൾ, താഴെപ്പറയും പ്രകാരം, ബഹു.മുഖ്യമന്ത്രി ഉത്തരവായി :

"പി.സി.സി.എഫ്-ന്റെ ശിപാർശ അനുസരിച്ച് തുക അനുവദിക്കുന്നത് സംബന്ധിച്ച് വ്യക്തമായ ശിപാർശ നൽകുക".

7) 05/04/2018-ലെ സ.ഉ.(കൈ)നം.17/2018/വനം പ്രകാരം, വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപയാണ് നഷ്ടപരിഹാരമായി പരമാവധി നൽകാൻ കഴിയുന്നത്. അതിനാൽ ഈ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച് മാത്രമേ അനുവദിക്കുവാൻ കഴിയുകയുള്ളൂ.

8) 'Rules of Business of the Government of Kerala' യുടെ Second Schedule-ലെ ഇനം 16 പ്രകാരം ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

<u>തീരുമാനിക്കേണ്ട വിഷയം</u>

1) കണ്ണൂർ ജില്ലയിലെ മുഴക്കുന്ന്, വട്ടപ്പൊയിൽ ഉപാസനയിൽ സ്ഥിരതാമസക്കാരനായ ശ്രീ.വിനോദ് എം.ന് കാട്ടാനയുടെ ആക്രമണത്തിൽ പരിക്കേറ്റതിനെത്തുടർന്ന് ചികിത്സയ്ക്കായി ചെലവായ അധിക തുകയായ 6,67,723/- രൂപ (ആറ് ലക്ഷത്തി അറുപത്തിയേഴായിരത്തി എഴുന്നൂറ്റി ഇരുപത്തിമൂന്ന് രൂപ മാത്രം). ടിയാന്റേത് ഒരു പ്രത്യേക കേസായി പരിഗണിച്ച്, വനം വകുപ്പ് കൈകാര്യം ചെയ്യുന്ന. "2406-01-800-56-MRMAC" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കാമോ?

2) മേൽ ക്രമ നം.1-ലെ നിർദ്ദേശം അനുവദനീയമല്ലെങ്കിൽ, ധനകാര്യവകുപ്പ് നിർദ്ദേശിച്ച പ്രകാരം, ടി തുകയ്ക്കുള്ള നഷ്ടപരിഹാരം ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കാമോ?